

# ഉദയാസ്തമയങ്ങളില്ലാത്ത ജ്യോതിർമ്മയൻ

**വി.പി. ജയചന്ദ്രൻ**

അധർമ്മം അസഹ്യമാകുമ്പോൾ ലോകാപകാരാർത്ഥം മഹാത്മാക്കൾ ഉദയം ചെയ്യാറുള്ളത് ഭാരതഭൂമിയുടെ മഹത്തരമായ പ്രത്യേകതയാണ്. ആധ്യാത്മികമായി ഉയർന്ന ശ്രേണിയിൽ നിൽക്കുന്നവരാണ് ഇവരിൽ പല രും. ഇങ്ങനെയുള്ള മഹാത്മാക്കളുടെ ഒരു പരമ്പരതന്നെ കേരളത്തിനുണ്ട്. ജ്ഞാനികളായ ഇത്തരക്കാരിൽവച്ച് അത്യുന്നതമായ അധ്യാത്മമണ്ഡലത്തിൽ നിത്യം വിഹരിക്കുന്ന അഭൗമജ്യോതിസ്സാണ് ബ്രഹ്മാനന്ദ ശ്രീമദ് ശിവപ്രഭാ കര സിദ്ധയോഗി പരമഹംസർ തിരുവടികൾ.

എ.ഡി 1263 മാർച്ചുമാസം (കൊല്ലവർഷം 438 മീനം പൂരുരുട്ടാതി) അകവൂർ മനയിൽ ജനിച്ചു. അച്ഛൻ ഇരവി നാരായണൻ നമ്പൂതിരിപ്പാട്. അമ്മ ആഴ്വാഞ്ചേരിമനയിലെ ഗൗരി അന്തർജനം. ഇവരുടെ എട്ടാമത്തെ പുത്രനാണ് പ്രഭാകരൻ. ഇദ്ദേഹത്തിന്റെ 8-ാം വയസ്സിൽ അകവൂർ മനയിലെ തേവാരദൈവതമായ ശ്രീരാമദേവൻ ഗോസായിവേഷത്തിൽ വന്ന് പ്രഭാക രനെ ഹിമാലയത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ 43 കൊല്ലം തപസ്സു ചെയ്തു. യോഗത്തിന്റെ എല്ലാ ഭൂമികകളും മുഴുവൻ ജ്ഞാനാവസ്ഥകളും

സ്വായത്തമാക്കിയ പ്രഭാകരദേവൻ 'കൽപ്പം' സേവിച്ച് അനശ്വരശരീരിയായി ഈ ദിവ്യശരീരവുമായാണ് അദ്ദേഹത്തെ ഭക്തർക്കിടയിൽ കാണപ്പെട്ടത്.

1942 ൽ കൊച്ചിയിൽ ആഴക്കടലിൽ മീൻപിടിക്കാൻ പോയവർ കടലിനടിത്തട്ടിൽനിന്ന് വലയിൽ കുരുങ്ങിയ ഒരു മനുഷ്യനെ കരയിലെത്തിച്ചു. പോലീസ് സ്റ്റേഷനിൽ ഈ കടൽമനുഷ്യനെ എത്തിക്കുകയും ചില അത്ഭുതങ്ങൾ പിന്നീടുണ്ടാകുകയും ചെയ്തു. ഇക്കഥ അന്നത്തെ 'പൗരധ്വനി' ദിനപ്പത്രത്തിന് പ്രധാന വാർത്തയായിരുന്നു. ആദ്യം ജപ്പാൻകാരനാണെന്ന് കരുതിയെങ്കിലും അസാധാരണനെന്ന് വ്യക്തമായപ്പോൾ മോചിപ്പിക്കുകയും മാപ്പു പറയുകയും ചെയ്തു. പിന്നീടദ്ദേഹത്തെ കണ്ടത് പ്രസിദ്ധ പണ്ഡിതനും സാഹിത്യകാരനുമായ ചൊവ്വര പരമേശ്വരനുമായി കൂട്ടുകൂടി നടക്കുന്നതാണ്. ശബരിമലയിലെ ഉയർന്ന മരക്കൊമ്പിൽ തലകീഴായി തൂങ്ങിക്കിടക്കുന്നതും കുട്ടികൾക്കും വലിയവർക്കും പ്രസിദ്ധ ക്ഷേത്രങ്ങളിലെ പ്രസാദം വരുത്തിക്കൊടുക്കുന്നതും അനുഭവിച്ചവർ ഇന്നും ജീവിച്ചിരിക്കുന്നു. അഡ്വ. എം.എൻ. ഗോവിന്ദൻനായർ രചിച്ച എം.എൻ. കഥകൾ എന്ന ഗ്രന്ഥത്തിൽ (എൻ.ബി.എസ്. പ്രസിദ്ധീകരണം) പ്രഭാകരസിദ്ധയോഗി ഹിമമനുഷ്യനെ സൃഷ്ടിച്ച കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

കേരളത്തിലെ അതി പ്രശസ്തരായ പലർക്കും ശ്രീമദ് പ്രഭാകരസിദ്ധയോഗിയുടെ അനുഗ്രഹം ലഭിച്ചുവെന്നതും ഇന്നും അദ്ദേഹം ഭൗതികശരീരത്തിൽത്തന്നെ കാണപ്പെടുന്നുവെന്നതും ഭക്തർ ആത്മാർത്ഥമായി വിശ്വസിക്കുന്ന കാര്യങ്ങളിൽ ചിലതുമാത്രം. ഏതുകാലത്തും ജീവശാസ്ത്രത്തിനും യുക്തിക്കും ബുദ്ധിക്കും അപ്പുറം കടന്നുനിൽക്കുന്നു ശ്രീമദ് പ്രഭാകരസിദ്ധയോഗിയുടെ അപദാനങ്ങൾ. ലോകോപകാരാർത്ഥം 18 ശരീരങ്ങൾ ആകെ താൻ സ്വീകരിക്കുമെന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ട്. തിരുവനന്തപുരത്ത് പ്രഭാകരസിദ്ധയോഗിയായും കൊല്ലത്ത് ഉണ്ണിയപ്പസ്വാമിയായും ഓച്ചിറയിൽ പുണ്ണുനക്കിസ്വാമിയായും കരുവാറ്റയിൽ കരീലക്കള്ളനെന്നും അറിയപ്പെട്ടു. ശബരിമലയിലും വൈക്കത്തും ഏറ്റുമാനൂരും പത്തനംതിട്ടയിലും കുറ്റാലത്തും മദിരാശിയിലും മധുരയിലും പഴനിയിലും കാശിയിലും നേപ്പാളിനും ഒക്കെ



പല കാലങ്ങളിൽ പല വേഷങ്ങളിൽ അവിടുന്നിനെ കണ്ടവരുണ്ട്. തിരുവനന്തപുരത്ത് ഉന്നത ഉദ്യോഗസ്ഥരോടുമൊപ്പം പലപ്പോഴും കാണപ്പെട്ടപ്പോൾ ഓച്ചിറയിലും കുറ്റാലത്തും ഏറ്റുമാനൂരുമെല്ലാം പാവങ്ങളുടെ കൂടെയാണ് സഹവസിച്ചു കണ്ടത്. ആഢ്യന്മാരുടെ അകത്തളങ്ങളിലെ ആഡംബരങ്ങൾക്ക് പ്രകാശം പകരാൻ അവിടുന്നു പോയില്ല. കാറ്റിലും മഴയിലും വേനൽച്ചൂടിലും ഒരേ വേഷത്തിൽ എവിടെയും കണ്ടു. പട്ടിണിപ്പാവങ്ങൾക്കിടയിലും കുപ്പത്തൊട്ടിയിലെ എച്ചിലിലകൾക്കിടയിലും കണ്ടവരുണ്ട്. മുൻ തിരുവിതാംകൂർ ദിവാൻ സി.പി. രാമസ്വാമി അയ്യർ മുതൽ മുൻ കേരള

ഗവർണ്ണർ ശ്രീമതി. ജ്യോതി വെങ്കിടാചലം വരെ അവിടുന്നിന്റെ ഒരു വാക്കിനുവേണ്ടി പഞ്ചപുച്ഛമടക്കിനിന്നിട്ടുള്ള കഥകൾ വേറെ. കുട്ടികളോടൊത്ത് നടക്കാനും കൂട്ടുകൂടാനും ഇഷ്ടമായിരുന്നു. അവർക്ക് ചൂടാറാത്ത ഉണ്ണിയപ്പവും, പഴനിയിലെ പഞ്ചാമൃതവും, തിരുപ്പതിയിലെ ലഡുവും വരുത്തിക്കൊടുത്തു. കയ്യിൽ വാരുന്ന മണ്ണ് കൽക്കണ്ടമാക്കും. കുഷ്ടരോഗി കഴിച്ച ഭക്ഷണത്തിന്റെ ഉച്ഛിഷ്ടം കഴിക്കുന്നതും കണ്ടവരുണ്ട്. ദീനരെ കാണുമ്പോൾ കണ്ണീർ ധാര ധാരയായി ഒഴുകും. എന്തും കഴിക്കും. വിരളമായിമാത്രം സംഭാഷണം. കൂടുതലും ആംഗ്യംമാത്രം.

ഒന്നും പറഞ്ഞില്ല. എല്ലാം കാട്ടിക്കൊടുത്തു. ചട്ടമ്പിസ്വാമികൾക്ക് മുരുകോപദേശം നൽകി. കടലിലൂടെ നടന്നുവന്ന് കരുവാറ്റാ സ്വാമിക്ക് കാരണഗുരുവായി. ചേങ്കോട്ടുകോണം ആശ്രമത്തിൽ ശ്രീമദ് നീലകണ്ഠഗുരുപാദർക്കൊപ്പം മാസങ്ങളോളം പലവട്ടം താമസിച്ചു. ശ്രീനാരായണ ഗുരുദേവനും, മാതാ അമൃതാനന്ദമയിക്കും അനുഗ്രഹമേകി. ദിവ്യനായി അറിയപ്പെടാൻ ഒട്ടും ആഗ്രഹിച്ചില്ല. പ്രശസ്തിയുടെ നിസ്സാരതയ്ക്ക് വശംവദനുമായില്ല. ഭൗതികാവശ്യങ്ങൾ സാധിക്കാൻ തന്നെ സമീപിച്ചവർക്ക് ഭ്രാന്തനായും നീചനായും കാണപ്പെട്ടു. ആശ്രയിച്ചവർ പലരും കുബേരന്മാരായി. എന്നാൽ അവിടുന്നിന്റെ ജീവിതം ഒരു പിച്ചക്കാരന്റേതിനേക്കാൾ മെച്ചമായിരുന്നില്ല.

കടഞ്ഞെടുത്ത കരിവീട്ടിപോലെ അഞ്ചേകാൽ അടി പൊക്കവും, ദൃഢപേശികളുമുള്ള ദേഹം. ഒരു ലങ്കോട്ടിയും ഒറ്റത്തോർത്തുമായിരുന്നു വേഷം. ഏതൊരു സാഹചര്യത്തിലും എപ്പോഴും കൈവിരലുകൾ ചിന്മുദ്രയിലായിരിക്കും. 1965 ന് ശേഷമാണ് ജുബ്ബയും നേര്യതും ധരിച്ചു കാണപ്പെട്ടതും താടിയും തലമുടിയും നരച്ചതായി തോന്നിച്ചതും. എല്ലാ ജിവശാസ്ത്രതത്വങ്ങളേയും വിസ്മയിപ്പിക്കുമാറ് നൂറ്റി എഴുപത് ദിവസംവരെ ജലപാനംപോലുമില്ലാതെ ഒറ്റക്കിടപ്പ് കിടന്നിട്ടുണ്ട്. ഒടുവിൽ ഒന്നും സംഭവിക്കാത്തപോലെ ഊർജ്ജസ്വലനായി എഴുന്നേറ്റുവരും. റൗഡികൾക്കിടയിൽ പലപ്പോഴും അവരിൽ ഒരാളായി കാണപ്പെട്ടു.



മദ്യപാനികൾക്കിടയിൽ ഉന്നത മദ്യപാനിയായി. ഒരേസമയം ഒരേ വേഷത്തിൽ പല സ്ഥലങ്ങളിൽ കാണപ്പെട്ടു. ഇപ്രകാരം വൈരുദ്ധ്യങ്ങളും വൈവിദ്ധ്യങ്ങളും കാട്ടി അതിനുള്ളിലെ ഏകാത്മ സത്യത്തെ അനാവരണം ചെയ്യുന്ന വ്യക്തിത്വമായി- അറിയേണ്ടവർക്കുള്ള അറിവായി അവിടുന്ന് നില കൊണ്ടു. സ്ഥിതപ്രജ്ഞനും നിസ്സംഗനുമായിരുന്നു. ഇവിടുന്നിന്റെ ഇരുകൈ വിരലുകളും എപ്പോഴും ചിന്മുദ്ര ധരിച്ചിരുന്നു. അദ്വൈതത്തിനും വിശിഷ്ടാ ദ്വൈതത്തിനും മദ്ധ്യേ മാർഗ്ഗമാണ് സ്വീകരിച്ചിരുന്നതെന്ന് മഹത്തുക്കൾ പറ യുന്നു. 'ഇക്കാണുന്നതെല്ലാം താൻതന്നെയെന്നും, എല്ലാ അമ്മമാരും പ്രസ വിച്ചതും പ്രസവിക്കാൻ പോകുന്നതും തന്നെതന്നെയെന്നും അവിടുന്ന് പറ യാറുണ്ടായിരുന്നു. ഒടുവിൽ ഇതെല്ലാം തന്റെയൊരു തമാശമാത്രമാണെന്നും പറയാനുള്ള ചങ്കൂറ്റം അവിടുന്നിൽ ദൃഢതയോടെ കാണാൻ കഴിയുന്നു. വിധിയും നിഷേധവുമില്ലാത്ത ബ്രഹ്മാനന്ദ ശ്രീമദ് ശിവപ്രഭാകരസിദ്ധയോഗി പരമഹംസർ തിരുവടികളുടെ ലോകവ്യവഹാരകഥകൾ യുക്തിചിന്തയ്ക്ക് വഴങ്ങാത്തതും ബുദ്ധിയുടെ നിശിതമായ വ്യവഹാരത്തിൽ താൻ നിത്യശു ദ്ധനും അവേദ്യനുമായ സാക്ഷാൽ ശ്രീപരമേശ്വരൻതന്നെയെന്ന് വെളിപ്പെ ടുത്തുന്നതുമാണ്.'

ജ്ഞാനശരീരമാണ് താൻ സ്വീകരിക്കുന്നതെന്ന് അവിടുന്ന് പറയാറു ണ്ടായിരുന്നു. ജ്ഞാനശരീരം എടുക്കുന്ന ഈശ്വരൻ താനെടുക്കുന്ന ശരീര ത്തോട് എത്രനാൾ ചേർന്നിരുന്നാലും തന്റെ ഗുണങ്ങൾക്ക് മാറ്റം സംഭവി ക്കുകയില്ല. ശിവനുമാത്രമേ അത് സാധ്യമാകൂ. ശിവൻ അമേയമായ അറി വാണ്. അരൂപിയും നിത്യനുംഅവ്യയനുമാണ്. ആദിയന്തമില്ലാത്തയാളാണ്.

അദ്വിതീയനും, കാരണം ഇല്ലാത്തവനും, കളങ്കരഹിതനുമാണ്. അവിടുന്ന് തന്റെ ശക്തിയാൽ ഈ ലോകത്ത് വ്യാപിക്കുന്നു. സൂര്യനും കിരണവും പോലെയാണ് ശിവനും ശിവതത്വവും. ഈ ശിവതത്വത്തിന്റെ മൂർത്തഭാവ മായിത്തീർന്നുകൊണ്ട് തേടുന്നവന് അനുഭവത്തിൽ അറിവായിത്തീരാൻ അവതരിച്ച കാരുണ്യവാരിധിയാണ് ശ്രീമദ് ശിവപ്രഭാകരസിദ്ധയോഗി പരമ ഹംസർ തിരുവടികൾ. തന്റെ ദൃഢമായ സ്നേഹംകൊണ്ട് തന്റെതന്നെ സൃഷ്ടിയായ മനുഷ്യൻതന്നെ അറിയണമെന്നും ആനന്ദരൂപമായ ശിവപദം അടയണമെന്നും സർവ്വേശനായ ശിവപ്രഭാകരൻ ആഗ്രഹിക്കുന്നു. അതി നാലാണ് അവിടുന്ന് ഭൗതികരൂപം ധരിച്ച് നമുക്കിടയിൽ കഴിഞ്ഞത്. പൂർണ്ണ തയുള്ള ഈശ്വരപ്രഭാവത്തിന്റെ മൂർത്തീഭാവമാണവിടുന്ന്. അഭയവും വരവും നൽകുന്ന സർവ്വേശ്വരനായി ഗുരുനാഥനെയല്ലാതെ മറ്റൊരു സനാ തനിയെയും കാണാനും കഴിഞ്ഞിട്ടില്ല.

(ജ്ഞാനത്താരാട്ട്, സ്വാമിപദ്മപാദർ)

**ശ്രീകൃഷ്ണാർപ്പണമസ്തു**